# പരിഷത്ത് എന്തുചെയ്യുന്നു ?

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്

## പരിഷത്ത് എന്തു ചെയ്യുന്നു?

### നാട്ടിൻ പുറത്തെ പാട്ടുകാർ

അതിരക്കുഴി ഗ്രാമത്തിലെ ഊടുവഴിയിലൂടെ അതാ ഒരു ജാഥ കടന്നുപോകുന്നു. പത്തുമുപ്പതാളുകളുണ്ട് ആ ജാഥയിൽ. ജാഥക്കാർ ഈണത്തിൽ പാടുന്ന ആ പാട്ട് നമുക്കൊന്ന് ശ്രദ്ധിക്കാം.

ശാസ്ത്രം അധ്വാനം, അധ്വാനം സമ്പത്ത്,
സമ്പത്ത് ജനനന്മക്ക്, ശാസ്ത്രം ജനനന്മക്ക്....
ശാസ്ത്രം പട്ടിണിമാററാൻ
ശാസ്ത്രം വിശപ്പുമാററാൻ
ശാസ്ത്രം തൊഴിലുണ്ടാക്കാൻ
ശാസ്ത്രം തൊഴിൽ നന്നാക്കാൻ
ശാസ്ത്രം വിളവുണ്ടാക്കാൻ
ശാസ്ത്രം വിളനന്നാക്കാൻ
ശാസ്ത്രം വേദനമാററാൻ
ശാസ്ത്രം രോഗംമാററാൻ
ശാസ്ത്രം ലോകം മാററാൻ
ശാസ്ത്രം മാററങ്ങൾക്ക്....

പാടത്തു പണികഴിഞ്ഞുവരുന്ന കുഞ്ഞിക്കോരനും കണ്ണാരേട്ടനും മുഹമ്മദും ആ പാട്ട് കേട്ട് ശ്രദ്ധിച്ചുനിന്നു. കമ്പനി വിട്ടുവരുന്ന മോഹനനും ഫ്രാൻസിസും ചായപ്പീടികയുടെ ഇറയത്തു നിന്ന് കാതോർത്തു....ജാഥക്കാർ വീണ്ടും പാടി.

ശാസ്ത്രം തൊഴിലാളിക്ക്
ശാസ്ത്രം കർഷകന്....
ശാസ്ത്രം വിദ്യാർത്ഥിക്ക്
ശാസ്ത്രം വീട്ടമ്മക്ക്....
ശാസ്ത്രം എല്ലാവർക്കും....

അടുക്കളയിൽ ധിറുതിപിടിച്ച് ജോലിചെയ്തുകൊണ്ടിരുന്ന അമ്മാളുവമ്മയും ബീവാത്തുമ്മയുമൊക്കെ വേലിയ്ക്കൽവന്നു നിന്ന് ആ പാട്ടുകാരെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. വീട്ടുമുററത്ത് കളിച്ചുകൊണ്ടിരുന്ന കുട്ടികളിൽ പലരും പുറത്തേക്ക് ഓടിയിറങ്ങി ജാഥയിൽ ചേർന്നു. പുതിയൊരീണത്തിൽ പാടിക്കൊണ്ട് അവർ മുന്നോട്ടു നീങ്ങി.

കാര്യകാരണബന്ധത്തോടെ
നാടിൻ പ്രശ്നം പഠിക്കുവാൻ
പരിഹാരങ്ങൾ കണ്ടെത്താൻ
വരുന്നു ഞങ്ങൾ മുന്നോട്ട്....

ആ ജാഥ എവിടേക്കാണ് നീങ്ങുന്നതെന്ന് അതിരക്കുഴിക്കാർക്കെല്ലാമറിയാം. ഇന്ന് വൈകുന്നേരം അതിരക്കുഴി വികാസ് വായനശാലയിൽ കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ഒരു യോഗമുണ്ട്. യോഗത്തിന് മുൻപ് നടന്ന പ്രചരണജാഥയാണ് നമ്മൾ കണ്ടത്.

## മാവിൻ തണലിൽ ഒരു യോഗം

ജാഥക്കാർ വായനശാലയുടെ മുൻവശത്ത് പടർന്നു പന്തലിച്ചു നിൽക്കുന്ന മുത്തശ്ശി മാവിന്റെ തണലിലെത്തിയപ്പോൾ നിന്നു. അതാണ് യോഗസ്ഥലം. മാഞ്ചുവട്ടിൽ ഒരു മേശയും ഏതാനും കസേരകളും നിരത്തിയിട്ടുണ്ട്. ജാഥക്കാരും ജാഥയെ പിൻതുടർന്നെത്തിയ നാട്ടുകാരുമായി ഏതാണ്ട് നൂററൻപതോളം പേർ അവിടെ എത്തി. വായനശാലാ പ്രവർത്തകരായ മുരളി മാഷും ശശിയും ഉണ്ണികൃഷ്ണനും ചേർന്ന് എല്ലാവരെയും സ്വീകരിച്ചിരുത്തി. അവരോടൊപ്പം പരിഷത്തിന്റെ മേഖലാ സെക്രട്ടറി മാധവൻ മാസ്ററും ഉണ്ട്. കൃത്യം ആറുമണിക്കുതന്നെ യോഗം ആരംഭിച്ചു. മുരളിമാഷ് എഴുന്നേററുനിന്ന് എല്ലാവരോടുമായി പറഞ്ഞു: "നേരംആറുമണിയായി.കൃത്യസമയത്തുതന്നെ നമുക്ക് മീററിങ്ങ് തുടങ്ങാം. ക്ഷണിച്ചവർ എല്ലാവരും എത്തിയിട്ടുണ്ട്. ആദ്യം ഒരു പാട്ടായാലോ? എല്ലാവരും കൂടെ പാടണം"

"പാടാം പാടാം" മുൻവശത്തിരുന്ന കുട്ടികൾ സന്തോഷപൂർവം വിളിച്ചു പറഞ്ഞു.

"നേരത്തെ ആ ജാഥയിൽ പാടിയ പാട്ടുമതി. നല്ല ശേലുംകാര്യോള്ള പാട്ടാ അത്." മമ്മദ്ക്ക പറഞ്ഞു.

"ശരി. മമ്മദ്ക്കാ പറഞ്ഞപോലെ തന്നെയാവട്ടെ. എന്താ എല്ലാവർക്കും സമ്മതമല്ലേ?"

"അതെ. അതെ." കുട്ടികൾ വീണ്ടും ആർത്തുവിളിച്ചു.

ശശിയും ഉണ്ണികൃഷ്ണനും മുസ്തഫയും ചേർന്ന് ജാഥയിൽ പാടിയ പാട്ട് ആവർത്തിച്ചു.

ശാസ്ത്രം....അധ്വാനം, അധ്വാനം സമ്പത്ത്
സമ്പത്ത് ജനനൻമക്ക്, ശാസ്ത്രം ജനനൻമക്ക്.

അവിടെ കൂടിയിരുന്നവരെല്ലാം ഒരേസ്വരത്തിൽ ഏററുപാടി. പാട്ട് അവസാനിച്ചതോടെ മുരളിമാഷ് എഴുന്നേററുനിന്ന് പറഞ്ഞു:

"ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് ഇവിടെ എത്തിച്ചേർന്നിട്ടുള്ള എല്ലാവർക്കും സ്വാഗതം. കേരളശാസ്ത്ര സാഹിത്യപരിഷത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുന്നതിനാണല്ലോ ഈ യോഗം വിളിച്ചു ചേർത്തിട്ടുള്ളത്. പരിഷത്തിന്റെ

മേഖലാ സെക്രട്ടറി മാധവൻമാസ്ററർ ഇവിടെ എത്തിച്ചേർന്നിട്ടുണ്ട്. അദ്ദേഹം സംസാരിക്കും. എല്ലാവരും സംശയങ്ങൾ ചോദിക്കുകയും ചർച്ചയിൽ പങ്കെടുക്കുകയും ചെയ്യണം. അപ്പൊ തുടങ്ങുകയല്ലേ മാഷേ....''

മാധവൻമാസ്ററർ തോളത്തു തൂക്കിയിരുന്ന തുണിസഞ്ചി മേശപ്പുറത്തുവച്ച് എഴുന്നേററുനിന്നു. എന്നിട്ട് മുന്നിലിരുന്ന കുട്ടികളെനോക്കി പുഞ്ചിരിച്ചുകൊണ്ട് ചോദിച്ചു: ''നിങ്ങളൊക്കെ 'യുറീക്ക' വായിക്കാറുണ്ടോ?''

''ഉണ്ട്.'' കുറേയേറെ കുട്ടികൾ മറുപടി പറഞ്ഞു. ''ഞാൻ യുറീക്കാ പരീക്ഷ എഴുതീട്ടുണ്ട്'' നാലിൽ പഠിക്കുന്ന മിനിമോൾ ഉറക്കെ പറഞ്ഞു.

''ആ അപ്പൊ യുറീക്ക വായിക്കുന്നവരും 'യുറീക്കാ'പരീക്ഷ എഴുതിയിട്ടുള്ളവരും ഒക്കെയുണ്ട്. പിന്നെ ശാസ്ത്രകേരളം വായിക്കുന്നവരും പരിഷത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള ശാസ്ത്ര പുസ്തകങ്ങൾ വായിച്ചിട്ടുള്ളവരും ഈ കൂട്ടത്തിലുണ്ടാവും. ഇനി ഇവിടെയിരിക്കുന്ന സഹോദരിമാരോടാണ് ചോദിക്കാനുള്ളത്. നിങ്ങളിൽ ചിലരുടെയെങ്കിലും വീടുകളിൽ പുകയില്ലാത്ത അടുപ്പ് അഥവാ പരിഷത്ത് അടുപ്പ് വച്ചിട്ടില്ലേ?''

''ഉവ്വല്ലോ'' മുൻവശത്ത് ഇരുന്നിരുന്ന ലക്ഷ്മിയേട്ടത്തി പറഞ്ഞു.

''ഞങ്ങടെ വീട്ടിലും ഉണ്ട്, പരിഷത്തടുപ്പ്'' ബീവാത്തുമ്മയും പറഞ്ഞു.

''ശരി എങ്ങനെയുണ്ട് അടുപ്പ്? പുകയൊക്കെ കുറവുണ്ടോ? വിറക് ലാഭം ഉണ്ടോ?''

''ഉണ്ടുണ്ട്. പുക ഇല്ലാ എന്നുതന്നെ പറയാം. വിറകിന് നല്ല ലാഭം ഉണ്ട്. ചെറ്യേ കൊള്ളി വേണം എന്നൊരു ദോഷമേ ഉള്ളൂ അത് സാരമില്ല '' ലക്ഷ്മിയേടത്തി പറഞ്ഞു.

സദസുമായി ചെറിയൊരു കുശലപ്രശ്നം നടത്തിയശേഷം മാധവൻമാസ്ററർ പറഞ്ഞുതുടങ്ങി.

''ശാസ്ത്രസാഹിത്യ പരിഷത്തിനെക്കുറിച്ച് നിങ്ങൾ മിക്കവരും കേട്ടിട്ടുണ്ട്. കുട്ടികൾ അവർക്കിഷ്ടപ്പെട്ട 'യുറീക്കാ'മാസിക പ്രസിദ്ധീകരിക്കുന്ന സംഘടന എന്ന നിലയിലും വീട്ടമ്മമാർ അടുപ്പുവയ്ക്കുന്ന ആളുകൾ എന്ന നിലയിലും പരിഷത്തിനെക്കുറിച്ച് കേട്ടിരിക്കും. മററുള്ളവർ, മററുപല രീതിയിലുമായിരിക്കും പരിഷത്തിനെക്കുറിച്ച് കേട്ടിരിക്കുക. കഴിഞ്ഞവർഷം ഈ വായനശാലയിൽ നടത്തിയ ശാസ്ത്രകലാജാഥാ പരിപാടികൾ നിങ്ങളിൽ പലരും കണ്ടിരിക്കും. അത് സംഘടിപ്പിച്ചതും ശാസ്ത്രസാഹിത്യപരിഷത്താണ്.''

"കഴിഞ്ഞ വേനൽകാലത്ത് ഇവിടെ മുഴുവൻ ഛർദ്യതിസാരം ബാധിച്ചപ്പോഠം പരിഷത്തുകാര് വീടുകളിൽ വന്നിരുന്നു." കണാരേട്ടൻ സദസ്സിലിരുന്ന് പറഞ്ഞു.

"ആ. ഛർദ്യതിസാരബാധക്കെതിരായ പ്രചരണത്തിലും പരിഷത്ത് പ്രവർത്തകർ മുഴുകിയിരുന്നു. ഇപ്രകാരം പലവിധത്തിലുള്ള പ്രവർത്തനങ്ങളിലൂടെ അതിരക്കുഴിക്കാരുമായി മാത്രമല്ല, കേരളത്തിലെ ഒട്ടുമിക്ക ഗ്രാമപ്രദേശങ്ങളിലുള്ളവരുമായും ബന്ധപ്പെടാൻ പരിഷത്തിനു കഴിഞ്ഞിട്ടുണ്ട്. എന്താണ് പരിഷത്ത് നടത്തുന്ന പ്രവർത്തനങ്ങളുടെ ഉദ്ദേശ്യം? ഇപ്പറഞ്ഞ പ്രവർത്തനങ്ങഠംക്കു പുറമെ മററന്തെല്ലാം പ്രവർത്തനങ്ങളാണ് പരിഷത്തിനുള്ളത്? ആർക്കൊക്കെയാണ് പരിഷത്തിൽ പ്രവർത്തിക്കാനാവുക? ഇക്കാര്യങ്ങളൊക്കെ ഒന്നു ചുരുക്കി വിവരിക്കാനാണ് ഞാൻ ശ്രമിക്കുന്നത്." മാധവൻമാസ്ററർ തുടർന്നു:

"ഈ യോഗം തുടങ്ങുന്നതിനുമുൻപ് നമ്മളെല്ലാവരുംകൂടി ഒരു പാട്ടുപാടിയില്ലേ? ആ പാട്ടിൻെറ വരികളിൽ പരിഷത്തിൻെറ ലക്ഷ്യങ്ങഠം ചുരുക്കിവിവരിച്ചിട്ടുണ്ട്."

## പ്രശ്നങ്ങളുടെ ഘോഷയാത്ര

"ശാസ്ത്രം നൽകുന്ന അറിവും ശാസ്ത്രത്തിൻെറ കാഴ്ചപ്പാടും നാട്ടിലെ മുഴുവൻ ജനങ്ങളിലേക്കും എത്തിക്കുക എന്നതാണ് പരിഷത്തിൻെറ ഉദ്ദേശ്യം. കൃഷിക്കാർക്കും തൊഴിലാളികഠംക്കും ശാസ്ത്രവിജ്ഞാനം ലഭിക്കണം. വീട്ടമ്മമാർക്കും വിദ്യാർഥികഠംക്കും ശാസ്ത്രവിജ്ഞാനം ലഭിക്കണം. അതുപയോഗിച്ച് നാം അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങഠം പരിഹരിക്കാൻ അവർക്ക് കഴിയണം. അതാണ് പരിഷത്തിൻെറ ലക്ഷ്യം."

"നമുക്കെല്ലാം അനേകം പ്രശ്നങ്ങളുണ്ട്, ഇല്ലേ? എന്താണ് ഏററവും വലിയ പ്രശ്നം?"

"പണില്ല്യ. അതന്ന്യാപ്രശ്നം" ദിവാകരൻ പറഞ്ഞു.

"കൃഷിയൊക്കെ ഭയങ്കര നഷ്ടത്തിലാണ്" കണാരേട്ടൻെറ പ്രശ്നമതാണ്.

"വേനൽക്കാലമായാൽ കുടിക്കാൻ വെള്ളല്ല്യ. ആ പ്രശ്നമൊന്ന് തീർന്നാൽ തന്നെ വലിയ ആശ്വാസമായിരുന്നു" ബീരാനിക്കായുടെ അഭിപ്രായമതാണ്.

പലരും പ്രശ്നങ്ങളുടെ പട്ടികകഠം അവതരിപ്പിച്ചു. മററു പലരും പ്രശ്നങ്ങഠം മനസ്സിലൊതുക്കിയിരുന്നു. മാധവൻ മാസ്ററർ തുടർന്നു:

"തൊഴിലില്ലായ്മയുണ്ട്. പട്ടിണിയുണ്ട്. കുടിവെള്ളക്ഷാമവും കറൻറ് കട്ടുമുണ്ട്. സ്കൂളും ആശുപത്രിയുമൊക്കെ

നേരാംവണ്ണം നടക്കാത്ത പ്രശ്നമുണ്ട്. അഴിമതിയും കൈക്കൂലിയുമുണ്ട്. അന്ധവിശ്വാസങ്ങളുണ്ട്. ജാതിയുടേയും മതത്തിന്റേയും പേരിലുള്ള വഴക്കുകളുണ്ട്. യുദ്ധമുണ്ട്. ഇവയെല്ലാം നമ്മെ നേരിടുന്ന പ്രശ്നങ്ങളാണ്. ഈ പ്രശ്നങ്ങളെല്ലാം തീരണമെന്ന് നമുക്ക് ആഗ്രഹമില്ലേ?''

''ആഗ്രഹമൊക്കെ ഉണ്ട് മാഷേ. പക്ഷേ അതോണ്ട് കാര്യം വല്ലതുമുണ്ടോ?''

''കാര്യമുണ്ട്. ഈ പ്രശ്നങ്ങളൊക്കെ ആരാ പരിഹരിക്കേണ്ടത്?''

''ഗവൺമെൻറ്, അല്ലാതെ ആരാ?'' മാധവൻ മൂപ്പൻ പറഞ്ഞു.

''ഗവൺമെൻറ് എന്നു പറഞ്ഞാ നമ്മളു തന്ന്യല്ലേ? നമ്മള് നന്നെങ്കി ഗവൺമെൻറും നന്നാവും. നമ്മുടെ പ്രശ്നങ്ങള് നമ്മളു തന്ന്യാ തീർക്കേണ്ടത് മൂപ്പാ.'' കണാരേട്ടന്റെ അഭിപ്രായമതാണ്.

''അദ്ദേഹം പറഞ്ഞതാണ് ശരി. നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള ചുമതല നമുക്കു തന്നെയാണ്. എങ്ങനെയാണ് നമ്മൾ പ്രശ്നങ്ങൾ പരിഹരിക്കുക?''

''ഏതൊരു പ്രശ്നവും പരിഹരിക്കാൻ കഴിയണമെങ്കിൽ ആദ്യമായി പ്രശ്നമെന്താണെന്ന് മനസ്സിലാക്കണം. അതിനുള്ള കാരണം കണ്ടുപിടിക്കണം. പിന്നെ, അതിൽ എങ്ങനെ ഇടപെടണം എന്നാലോചിക്കണം. പിന്നീട് പ്രശ്നം പരിഹരിക്കാനുള്ള മാർഗങ്ങൾ കണ്ടെത്തണം. ഇതൊക്കെ നമ്മൾ കൂട്ടായി ചെയ്തേ തീരൂ. അതിന് നമ്മളെ സഹായിക്കുന്ന ഒന്നാണ് ശാസ്ത്രം.''

''അസുഖം വന്നാൽ നമ്മളൊക്കെ ഡോക്ടർമാരെ കാണാറില്ലേ? ഡോക്ടർ എന്താണ് ചെയ്യുക? ആദ്യം രോഗിയെ വിശദമായി പരിശോധിക്കും. നാക്കും കണ്ണും നാഡിമിടിപ്പും നോക്കും. ചിലപ്പോൾ എക്സ്റേ എടുത്തുനോക്കും. മൂത്രവും രക്തവുംപരിശോധിക്കും. എന്താണ് രോഗകാരണം എന്നറിയാനാണ് ഇതെല്ലാം ചെയ്യുന്നത്. രോഗമെന്താണെന്നും അതിനുള്ള കാരണമെന്താണെന്നും കൃത്യമായി അറിഞ്ഞെങ്കിലല്ലേ ശരിയായ ചികിൽസ നിശ്ചയിക്കാൻ പററൂ. അതുപോലെ നമുക്കും നമ്മളനുഭവിക്കുന്ന പ്രശ്നങ്ങളുടെ ശരിയായ കാരണം കണ്ടെത്താൻ കഴിയണം. എങ്കിലേ ശരിയായ പരിഹാരമാർഗം കണ്ടെത്താൻ പററൂ.

''അതു ശരിയാ മാഷേ. പക്ഷേ മൂന്നും നാലും ക്ളാസു വരെ പഠിച്ച് പഠിത്തം നിർത്തിയ ഞങ്ങൾക്കൊക്കെ ഈ ശാസ്ത്രം വല്ലപിടിയുമുണ്ടോ? അതൊക്കെ ഇഞ്ചിനീയർമാരും

പ്രൊഫസർമാരുമൊക്കെ കൈകാര്യം ചെയ്യുന്ന കാര്യമല്ലേ?'' കണാരേട്ടൻെറ സംശയമാണ്.

## നമ്മളും ശാസ്ത്രവും

''അങ്ങനെയല്ല കണാരേട്ടാ,'' മാധവൻ മാസ്ററർ തുടർന്നു. ''ശാസ്ത്രമെന്നുവച്ചാൽ നമുക്കൊന്നും പിടികിട്ടാത്ത കാര്യങ്ങളാണ് എന്നു കരുതരുത്. നമ്മെപ്പോലുള്ള സാധാരണ മനുഷ്യരുടെ ജീവിതാനുഭവങ്ങളിൽനിന്നും അധ്വാനത്തിൽനിന്നുമാണ് ശാസ്ത്രം ഉണ്ടായിവന്നത്. ശാസ്ത്രത്തിൻെറ കണ്ടുപിടുത്തങ്ങൾ നമ്മുടെയെല്ലാം പൊതുസ്വത്താണ്. ഇന്ന് ശാസ്ത്രം വളരെയേറെ പുരോഗമിച്ചിട്ടുണ്ട്. കൃഷിമെച്ചപ്പെടുത്താനും, ഒരുകാലത്ത് നമ്മെ ഭീഷണിപ്പെടുത്തിയിരുന്ന രോഗങ്ങൾ ചികിൽസിച്ചുമാററാനും, ലോകത്തിൻെറ നാനാഭാഗങ്ങളിലുമുള്ള കാര്യങ്ങൾ അറിയാനും, നമുക്ക് ആവശ്യമുള്ള നൂറുനൂറു സാധനങ്ങൾ ഉൽപാദിപ്പിക്കുവാനും ഒക്കെ ശാസ്ത്രത്തിനു കഴിവുണ്ട്. നമുക്ക് ചുററുമുള്ള പ്രകൃതിയെക്കുറിച്ച് പണ്ട് അറിവില്ലാതിരുന്ന അനേകമനേകം കാര്യങ്ങൾ മനസ്സിലാക്കാൻ ശാസ്ത്രം മനുഷ്യനെ സഹായിച്ചിട്ടുണ്ട്. പട്ടിണിയും രോഗവും മാററാനും തൊഴിലുണ്ടാക്കുവാനും ഒക്കെയുള്ള ഒന്നാന്തരം മാർഗങ്ങൾ ശാസ്ത്രം കണ്ടുപിടിച്ചിട്ടുണ്ട്. പക്ഷേ ഇങ്ങനെയെല്ലാമാണെങ്കിലും ശാസ്ത്രത്തിൻെറ നേട്ടങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗമാളുകളുടേയും ജീവിതം മെച്ചപ്പെടുത്താൻ ഉപകരിക്കുന്നില്ല.''

''നമ്മുടെ നാട്ടിലെ കാര്യംതന്നെ നോക്കൂ. ഇന്ന് ഇവിടെ ബഹുഭൂരിപക്ഷമാളുകളും പട്ടിണിയിലും ദാരിദ്ര്യത്തിലുമല്ലേ കഴിയുന്നത്? ശാസ്ത്രം ഇത്രയൊക്കെ പുരോഗമിച്ചിട്ടും എത്രയെത്ര അന്ധവിശ്വാസങ്ങളാണ് നിലനിൽക്കുന്നത്?എല്ലാത്തരം കഷ്ടപ്പാടുകളും ദുരിതങ്ങളും വിധിയാണ് എന്നു വിശ്വസിക്കുന്നവരല്ലേ നമ്മുടെ നാട്ടിൽ അധികവും. മഹാഭൂരിപക്ഷം പേർക്ക് അക്ഷരാഭ്യാസംപോലും ലഭിക്കാത്ത സ്ഥിതിയല്ലേ?''

''ഇതെന്തുകൊണ്ടു സംഭവിച്ചു? ഒരുവശത്ത് ശാസ്ത്രം വളരുകയും വികസിക്കുകയും ചെയ്യുമ്പോൾ മറുവശത്ത് ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾ ദാരിദ്ര്യത്തിലും അജ്ഞതയിലും കഴിയുന്നു. അതേസമയം വിരലിലെണ്ണാവുന്ന ഒരു ചെറിയ ന്യൂനപക്ഷം കൂടുതൽ സമ്പന്നരാവുകയും എല്ലാവിധ സുഖഭോഗങ്ങളും അനുഭവിക്കുകയും ചെയ്യുന്നു. ശാസ്ത്രത്തിൻെറ നേട്ടങ്ങളിൽ അധികവും അവരുടെ ജീവിതം മെച്ചപ്പെടുത്താനാണ് ഇന്ന് പ്രയോജനപ്പെടുന്നത്.

''ഈ അവസ്ഥ മാറണമെങ്കിൽ നമ്മളെല്ലാം ശാസ്ത്രത്തിൻെറ രീതിവശമാക്കാനും പ്രശ്നങ്ങളെ ശാസ്ത്രീയമായി നോക്കി

ക്കാണാനും പഠിച്ചേ തീരൂ.ശാസ്ത്രത്തിൻെറ നേട്ടങ്ങൾ മുഴുവൻ ജനങ്ങളിലുമെത്തണം, ശാസ്ത്രീയമായി ചിന്തിക്കുവാനും പ്രശ്നങ്ങൾ പരിഹരിക്കുവാനും എല്ലാവർക്കും കഴിയണം.''

''കോളേജിൽപോയി പഠിച്ചെങ്കിൽ മാത്രമേ ശാസ്ത്രം മനസ്സിലാക്കാൻ കഴിയൂ എന്നും ശാസ്ത്രീയമായി ചിന്തിക്കാൻ കഴിയൂ എന്നും കരുതരുത്. ഉയർന്ന ബിരുദവും പരിശീലനവും നേടിയതുകൊണ്ടു മാത്രം ശാസ്ത്രീയമായി ചിന്തിക്കാനാവില്ല. സിമൻറിനുപകരം മണലുചേർത്ത് പൊളിഞ്ഞുവീഴുന്ന പാലമുണ്ടാക്കുന്ന എൻജിനീയർ ശാസ്ത്രീയമായി ചിന്തിക്കുന്ന ആളല്ല. അയാൾ ശാസ്ത്രം പഠിച്ചിട്ടുണ്ടെങ്കിലും അത് സാമൂഹ്യവിരുദ്ധമായ രീതിയിൽ പ്രയോഗിക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ സ്വാർഥ ലാഭത്തിനുവേണ്ടി ശാസ്ത്രത്തെ തെററായ രീതിയിൽ പ്രയോഗിക്കുന്നതിൻെറ ധാരാളം ഉദാഹരണങ്ങൾ നമുക്കു ചുററുമുണ്ട്. സ്വന്തം ലാഭം കുന്നുകൂട്ടാൻവേണ്ടി രോഗിയെ തെററായ വിധത്തിൽ ചികിൽസിക്കുന്ന ഡോക്ടറും, ഒരിക്കലും വെള്ളം കിട്ടാത്ത അണക്കെട്ടും കനാലും ഉണ്ടാക്കി ജനങ്ങളെ വഞ്ചിക്കുന്ന സാങ്കേതിക വിദഗ്ധനും, ശാസ്ത്രത്തിൻെറ കഴിവുകൾ പ്രയോഗിച്ച് മനുഷ്യരാശിയെ ഭസ്മമാക്കുന്നതിനുള്ള അണുവായുധങ്ങളുണ്ടാക്കുന്നവരുമൊക്കെ സാമൂഹ്യദ്രോഹികളാണ്. ശാസ്ത്രത്തിൻെറ ഇത്തരത്തിലുള്ള സാമൂഹ്യവിരുദ്ധ പ്രയോഗത്തിനെതിരെ ശബ്ദമുയർത്താനും നമുക്കെല്ലാം കഴിയണം.''

''ഇപ്പറഞ്ഞ കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് പ്രവർത്തിക്കുന്ന സംഘടനയാണ് ശാസ്ത്ര സാഹിത്യപരിഷത്ത്. ശാസ്ത്രവിജ്ഞാനവും ശാസ്ത്രീയമായി ചിന്തിക്കാനുള്ള കഴിവും സമൂഹത്തിലെ എല്ലാ വിഭാഗമാളുകളിലും എത്തിക്കുക. അങ്ങനെ പട്ടിണിയിലും ദാരിദ്ര്യത്തിലും അന്ധവിശ്വാസത്തിലും കഴിയുന്ന മഹാഭൂരിപക്ഷത്തിൻെറ മോചനത്തിനുള്ള ഒരുപാധിയാക്കി ശാസ്ത്രത്തെ മാററുക. ഇതാണ് പരിഷത്തിൻെറ പ്രധാന ലക്ഷ്യം. ശാസ്ത്രത്തിൻെറയും സാങ്കേതികവിദ്യയുടെയും തെററായ, സാമൂഹ്യവിരുദ്ധമായ, പ്രയോഗത്തിനെതിരെ ശബ്ദമുയർത്താനും അതിനെ ചെറുക്കാനും ജനങ്ങളെ പ്രേരിപ്പിക്കുക എന്നതാണ് പരിഷത്തിൻെറ മറെറാരു ലക്ഷ്യം'' മാസ്ററർ പറഞ്ഞു നിർത്തി.

## പരിഷത്ത് അന്നും ഇന്നും

''മാഷേ പരിഷത്ത് തുടങ്ങീട്ട് ശ്ശി കാലമായോ? എവിടെയൊക്കെയാ ഇതിൻെറ പ്രവർത്തനം നടക്കുന്നത്? നമുക്കും ഇവിടെ തുടങ്ങാൻ പററുമോ?'' ടെയിലർ മാധവേട്ടൻെറ ചോദ്യം.

''അത് പറയാം. ആദ്യം പരിഷത്തിൻെറ തുടക്കത്തെക്കുറിച്ച് ഒരൽപം പറയട്ടെ? 1962 ലാണ് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് രൂപീകരിച്ചത്. ശാസ്ത്രവിഷയങ്ങളെക്കുറിച്ച് മലയാളത്തിൽ ലേഖനങ്ങളും പുസ്തകങ്ങളുമൊക്കെ എഴുതുന്ന ആളുകളുടെ ഒരു ചെറിയ സംഘടനയായിരുന്നു തുടക്കത്തിൽ പരിഷത്ത്. പക്ഷേ ആ സ്ഥിതിയിൽ മാററം വന്നിരിക്കുന്നു. കേരളത്തിലങ്ങോളമിങ്ങോളം വ്യാപിച്ചു കിടക്കുന്ന ഒരു വലിയ പ്രസ്ഥാനമാണ് ഇന്ന് ശാസ്ത്രസാഹിത്യ പരിഷത്ത്. ശാസ്ത്രജ്ഞൻമാരും, ശാസ്ത്രസാഹിത്യകാരൻമാരും, അധ്യാപകരും കൃഷിക്കാരും തൊഴിലാളികളും വീട്ടമ്മമാരും തൊഴിൽതേടുന്ന ചെറുപ്പക്കാരും എല്ലാം ഇന്ന് പരിഷത്തിൽ അംഗങ്ങളാണ്. ഇപ്പോൾ കേരളത്തിലെ ഭൂരിഭാഗം പഞ്ചായത്തുകളിലും പരിഷത്തിന് ഒന്നോ അതിൽ കൂടുതലോ യൂണിററുകളുണ്ട്. 1200ഓളം യൂണിററുകളിലായി 40000 ത്തോളം അംഗങ്ങളാണ് ഇപ്പോൾ പരിഷത്തിലുള്ളത്.''

''അപ്പൊ ഞങ്ങൾക്കൊക്കെ പരിഷത്തിൽ മെംബർമാരാവാം അല്ലേ മാഷേ?''

''തീർച്ചയായും. പതിനെട്ട് വയസ് പൂർത്തിയായ ഏതൊരാൾക്കും പരിഷത്തിൽ അംഗമാവാം. ഞാൻ നേരത്തെ പറഞ്ഞ പോലെ ശാസ്ത്രവിജ്ഞാനവും ശാസ്ത്രീയവീക്ഷണവും പ്രചരിപ്പിക്കുന്നതിൽ താൽപര്യമുണ്ടായിരിക്കണം എന്നുമാത്രം. ഇനി എന്തെങ്കിലും സംശയമുണ്ടോ?'' മാഷ് അന്വേഷിച്ചു.

''ഇനി പരിഷത്തിൻെറ വിവിധ മേഖലകളിലെ പ്രവർത്തനങ്ങളെക്കുറിച്ചു കൂടി ഞാൻ ചെറുതായി വിവരിക്കാം. വിദ്യാഭ്യാസം, പരിസരം, വികസനം, ആരോഗ്യം, ബാലവേദി, പുസ്തകപ്രസിദ്ധീകരണം, മാസികാപ്രസിദ്ധീകരണം, ശാസ്ത്രക്ളാസുകളുടെ സംഘാടനം, ശാസ്ത്രകലാജാഥകൾ എന്നിങ്ങനെ നിരവധി രംഗങ്ങളിൽ പരിഷത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവയെക്കുറിച്ചെല്ലാം വിസ്തരിച്ചു പറയാൻ ഞാൻ ഈ സന്ദർഭത്തിൽ മുതിരുന്നില്ല. എങ്കിലും ചില പ്രധാന മേഖലകളെക്കുറിച്ച് അൽപം വിശദീകരിക്കാം.'' മാസ്ററർ തുടർന്നു

## പരിഷത്ത് വിദ്യാഭ്യാസരംഗത്ത്

''ആദ്യമായി വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങളുടെ കാര്യം. നമ്മുടെ വിദ്യാഭ്യാസരംഗത്ത് ഒട്ടേറെ ഗുരുതരമായ തകരാറുകൾ നിലവിലുണ്ട്. സ്വകാര്യവൽക്കരണവും വരേണ്യവൽക്കരണവും അനുദിനം കൂടിവരികയാണ്. വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരം കുറഞ്ഞുവരുന്നതായും വിദ്യാഭ്യാസവും ജീവിതവും തമ്മിലുള്ള ബന്ധം നേർത്തുവരുന്നതായും പരക്കെ ആക്ഷേപമുണ്ട്. ഈ പ്രശ്നങ്ങൾ വിശദമായി പഠിക്കാനും

ഇതിലേക്ക് ബഹുജനശ്രദ്ധ കാണിക്കുവാനും പരിഷത്ത് പരിശ്രമിച്ചുവരുന്നു. വിദ്യാഭ്യാസരംഗത്തെ തകരാറുകഠം പരിഹരിക്കാനാവണമെങ്കിൽ, ആ മേഖലയിലെ പ്രശ്നങ്ങഠം ജനങ്ങഠംക്കിടയിൽ ചർച്ചചെയ്യപ്പെടണം. വിദ്യാഭ്യാസരംഗത്തെ അഴിമതികളും അശാസ്ത്രീയതകളും തുറന്നുകാണിക്കണം. അതിനുള്ള പലവിധ പ്രചാരണ, പ്രക്ഷോഭപരിപാടികഠം പരിഷത്ത് ആവിഷ്ക്കരിച്ചുവരുന്നു. വിദ്യാഭ്യാസരംഗത്തെ വരേണ്യവൽക്കരണവും വിദ്യാഭ്യാസക്കച്ചവടവും എത്രമാത്രം അപകടകരമാണെന്ന് ജനങ്ങഠം അറിഞ്ഞേപററു അതോടൊപ്പം നമ്മുടെ പൊതുമേഖലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലമെച്ചപ്പെടുത്താനുള്ള സംരംഭങ്ങളിൽ പൊതുജനങ്ങളും അധ്യാപകരും കൂട്ടായി ഇടപെടുകയും വേണം."

"നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസരീതിയിലാകെ മാററങ്ങഠം വരുത്തേണ്ടിയിരിക്കുന്നു. ഇന്നത്തെ ക്ളാസുമുറികഠം അധ്യാപകനേയും വിദ്യാർഥിയേയും ഒരുപോലെ മുഷിപ്പിക്കുന്നുണ്ട്. വിഷയങ്ങഠം കൂടുതൽ നന്നായി മനസ്സിലാക്കാൻ കഴിയുന്ന വിധത്തിൽ പഠനം രസകരവും ഫലപ്രദവുമാക്കേണ്ടിയിരിക്കുന്നു. ഇതിന് സഹായകമായ പല പരിശീലനപരിപാടികളും പരിഷത്ത് ആസൂത്രണം ചെയ്തുവരുന്നു. പരിഷത്ത് കഴിഞ്ഞ ഏതാനും വർഷങ്ങളായി സംഘടിപ്പിച്ചുവരുന്ന ബാലോൽസവ ജാഥ നിങ്ങളിൽ ചിലരെങ്കിലും കണ്ടിരിക്കും."

"ഉവ്വുവ്വ്. ഞങ്ങടെ സ്കൂളിൽ ഉണ്ടായിരുന്നു. പാവകളിയും പാട്ടുമൊക്കെ, നല്ല രസമായിരുന്നു. ഇനീം എപ്പഴാ ബാലോൽസവജാഥ ഉണ്ടാവുക?" മുൻവശത്തിരുന്ന ഗോപി ചോദിച്ചു.

"ഇനിയും ബാലോൽസവജാഥ നടത്തുന്നുണ്ട് കേട്ടോ. കുട്ടികഠംക്ക് പഠിക്കാനുള്ള പാഠഭാഗങ്ങഠം പാവനാടകങ്ങളുടേയും ചിത്രീകരണങ്ങളുടേയും ലഘുനാടകങ്ങളുടേയും രൂപത്തിൽ അവതരിപ്പിക്കുകയാണ് ബാലോൽസവജാഥയിൽ ചെയ്യുന്നത്. ഈ പരിപാടികഠം കുട്ടികഠംക്ക് നന്നെ ഇഷ്ടപ്പെട്ടു. ഈ രീതിയിൽ, നമ്മുടെ ക്ളാസുമുറികഠം സജീവമാക്കാനുള്ള ധാരാളം പുതിയ പരിപാടികഠം ആവിഷ്ക്കരിക്കാൻ നമ്മുടെ അധ്യാപകർ മുന്നോട്ടുവരണം എന്നാണ് ഞങ്ങളുടെ ആഗ്രഹം." ഇപ്രകാരം ക്ളാസുമുറികഠം സജീവമാക്കുന്നതോടെ നമ്മുടെ വിദ്യാഭ്യാസരംഗത്ത് പുതിയൊരു ചൈതന്യം ഉളവാകും."

"ലളിതമായ പരീക്ഷണങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ശാസ്ത്രപഠനം കൂടുതൽ ഫലപ്രദമാക്കാനും പാഠഭാഗങ്ങളെ ചുററുപാടുകളുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കാനും അധ്യാപകർക്കു പരിശീലനം നൽകുന്ന ചില പരിപാടികഠംക്ക് പരിഷത്ത് തുടക്കം കുറിച്ചിട്ടുണ്ട്."

"മാഷേ....എന്താ ഈ അക്ഷരവേദി?" രാഘവൻ മാഷ് ചോദിച്ചു.

"നമ്മുടെ പ്രൈമറിവിദ്യാലയങ്ങളിൽ 4–5 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളിൽ നല്ലൊരു ശതമാനത്തിന് അക്ഷരം അറിയില്ല എന്നതാണ് വസ്തുത. ഈ പ്രശ്നം പരിഹരിക്കുന്നതിന് പരിഷത്ത് ആവിഷ്കരിച്ചിട്ടുള്ള ഒരു പരിപാടിയാണ് അക്ഷരവേദി. ഒന്നൊന്നര മാസം കൊണ്ട് കുട്ടികൾക്ക് അക്ഷരങ്ങൾ പഠിക്കാൻ കഴിയുന്ന ഒരു രീതി പരിഷത്ത് പ്രവർത്തകർ ആവിഷ്ക്കരിച്ചിട്ടുണ്ട്."

"നമ്മുടെ സ്കൂളിലും ഈ പരിപാടി ഒന്നു തുടങ്ങണം." രാഘവൻ മാഷ്ക്ക് ഉത്സാഹമായി.

"വർഷം തോറും പരിഷത്ത് സംഘടിപ്പിക്കുന്ന വിജ്ഞാന പരീക്ഷകൾ കുട്ടികളുടെ ശാസ്ത്രാഭിരുചി വളർത്തുന്നതിനു വേണ്ടി ആസൂത്രണം ചെയ്തിട്ടുള്ളവയാണ്. എൽ പി, യു പി വിഭാഗങ്ങൾക്കു വേണ്ടിയുള്ള യുറീക്കാ പരീക്ഷകൾ, ഹൈസ്കൂൾ കുട്ടികൾക്കായുള്ള ശാസ്ത്രകേരളം ക്വിസ്, കോളേജ് വിദ്യാർഥികൾക്കുള്ള ശാസ്ത്രഗതി വിജ്ഞാന പരീക്ഷ, ക്വിസ് എന്നിവയാണ് വർഷം തോറും സംഘടിപ്പിച്ചുവരുന്നത്. പാഠപുസ്തകങ്ങളെ മാത്രം ആശ്രയിക്കുന്ന ഇന്നത്തെ പഠനരീതിക്ക് മാററം വരുത്തുക, കുട്ടികളെ മററു പുസ്തകങ്ങളും വിജ്ഞാനപ്രദമായ പുസ്തകങ്ങളും വായിക്കാൻ പ്രേരിപ്പിക്കുക, ചുററുപാടും കാണുന്ന കാര്യങ്ങൾ നിരീക്ഷിക്കാൻ അവരെ പ്രോൽസാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ ആസൂത്രണം ചെയ്തിട്ടുള്ള ഈ പരീക്ഷകളിൽ വർഷം തോറും ലക്ഷക്കണക്കിന് കുട്ടികൾ പങ്കെടുക്കുന്നുണ്ട്."

"ഇതിനു പുറമെ, നമ്മുടെ സ്കൂൾ പാഠപുസ്തകങ്ങൾ കൂടുതൽ ഫലപ്രദമായി പ്രയോജനപ്പെടുത്താനും അവയിലെ കുറവുകൾ പരിഹരിക്കാനും സഹായകമായ വിധത്തിൽ വിവിധ വിഷയങ്ങളിൽ സമാന്തര പാഠപുസ്തകങ്ങളും അധ്യാപന സഹായികളും പരിഷത്ത് തയ്യാറാക്കിവരുന്നുണ്ട്."

## ജനകീയാരോഗ്യനയത്തിനുവേണ്ടി

"അല്ലാ മാഷേ, ഇന്നാള് ഈ മരുന്ന് വിലകൂടിയതിനെതിരെ ഒരു ജാഥയും ഒപ്പുശേഖരണവുമൊക്കെ നടത്തീരുന്നല്ലോ. അതും പരിഷത്തിന്റെ പരിപാടിയല്ലേ? ഒപ്പുശേഖരണക്കാര് എന്റെ വീട്ടിലും വന്നിരുന്നു. ഞാൻ ഒപ്പിട്ടു കേട്ടോ" വില്ലേജ് ഓഫീസർ ദാമോദരൻ പറഞ്ഞു.

"മരുന്നു വിലവർധനവിനെതിരെ കേരളത്തിലുടനീളം പരിഷത്ത് നൂറുകണക്കിന് പ്രചരണജാഥകൾ സംഘടിപ്പിക്കുകയുണ്ടായി. ആരോഗ്യരംഗത്ത് പരിഷത്ത്നടത്തികൊണ്ടിരിക്കുന്ന

വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായിരുന്നു ആ പ്രചരണം. നമ്മുടെ നാട്ടിലെ കോടിക്കണക്കിനാളുകളെ ബാധിക്കുന്നതും ബഹുരാഷ്ട്രമരുന്നുകമ്പനികളുടെ ലാഭം വർധിപ്പിക്കാൻ സഹായിക്കുന്നതുമായ മരുന്നു വിലവർധനവ് പിൻവലിക്കണമെന്നാണ് പരിഷത്ത് പ്രചരണ ജാഥയിലൂടെ ഉന്നയിച്ച ആവശ്യം. അതോടൊപ്പം നമ്മുടെ മരുന്നു വ്യവസായരംഗത്തെ അശാസ്ത്രീയതകളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുന്നതിനായി ക്ലാസുകളും പൊതുയോഗങ്ങളും സംഘടിപ്പിക്കുകയുണ്ടായി.''

''നമ്മുടെ ആരോഗ്യ സേവനരംഗത്ത് ഒരുപാട് അശാസ്ത്രീയതകൾ നിലനിൽക്കുന്നുണ്ട്. നമ്മുടെ രാജ്യത്തെ മരുന്നുവ്യവസായരംഗമാണെങ്കിൽ ബഹുരാഷ്ട്രക്കുത്തകക്കമ്പനികളുടെ കരവപ്പിടിയിലുമാണ്. ഈ സ്ഥിതിവിശേഷങ്ങൾക്കെതിരെ ജനങ്ങളെ ബോധവാൻമാരാക്കുകയും ഒരു ജനകീയ ആരോഗ്യനയത്തിനും ജനകീയ ഔഷധനയത്തിനും വേണ്ടി പ്രയത്നിക്കുകയും എന്നതാണ് ഈ രംഗത്ത് പരിഷത്ത് ഏറ്റെടുത്തിട്ടുള്ള ചുമതലകൾ. കേരളത്തിലെ ഒട്ടേറെ ഡോക്ടർമാരുടെയും മററു വിദഗ്ധരുടെയും സഹകരണം ഇക്കാര്യത്തിൽ പരിഷത്തിന് ലഭിച്ചുവരുന്നുണ്ട്.''

''ജനങ്ങളുടെ അനാരോഗ്യത്തിനും രോഗത്തിനുമുള്ള മുഖ്യകാരണം അവരനുഭവിക്കുന്ന ദാരിദ്ര്യവും ചൂഷണവുമാണ്. അതുകൊണ്ട് ആരോഗ്യത്തിനുവേണ്ടിയുള്ള പോരാട്ടം, ദാരിദ്ര്യത്തിനും ചൂഷണത്തിനുമെതിരായുള്ള പോരാട്ടത്തിന്റെ ഭാഗമാണ്. ഇക്കാര്യത്തിൽ പരമാവധി ആരോഗ്യപ്രവർത്തകരെ ജനങ്ങളുടെ പക്ഷത്തിറക്കാനാണ് പരിഷത്ത് ശ്രമിക്കുന്നത്. ആരോഗ്യമെന്നാൽ ആശുപത്രിയും മരുന്നും ഡോക്ടറുമാണ് എന്ന ഇന്നത്തെ ധാരണ മാറണം. ആഹാരവും ശുദ്ധജലവും പരിസ്ഥിതിശുചിത്വവും തൊഴിലും എല്ലാം ചേരുമ്പോഴാണ് ജനങ്ങൾക്ക് ആരോഗ്യത്തോടെ ജീവിക്കാനാവുക. ഇക്കാര്യം കൂടുതൽ കൂടുതൽ ആളുകളെ ബോധ്യപ്പെടുത്താനുള്ള ആരോഗ്യക്ലാസുകളും ചർച്ചകളും പരിഷത്ത് സംഘടിപ്പിച്ചുവരുന്നു.

''അതുപോലെതന്നെ മരുന്നു വ്യവസായരംഗത്തെ അശാസ്ത്രീയതകൾക്കെതിരായ പോരാട്ടത്തിൽ ജനങ്ങളെ പങ്കാളികളാക്കാനും പരിഷത്ത് കഴിഞ്ഞ ഏതാനും വർഷങ്ങളായി പരിശ്രമിച്ചുവരികയാണ്. നമ്മുടെ മരുന്നുവ്യവസായരംഗമാകെ ബഹുരാഷ്ട്രക്കുത്തകകളുടെ പിടിയിലാണ്. അനാവശ്യമരുന്നുകളും അപകടകരമായ മരുന്നുകളും പ്രചരിപ്പിക്കുക, മരുന്നിന് തീവില ഈടാക്കുക, അവശ്യമരുന്നുകളുടെ ഉല്പാദനം കുറക്കുക എന്നിങ്ങനെ പലതരം തന്ത്രങ്ങൾ ഉപയോഗിച്ച് ലാഭം കുന്നുകൂട്ടുന്ന ഇക്കൂട്ടർക്കെതിരെ ശക്തമായ ജനകീയാഭിപ്രായം സൃഷ്ടിക്കേണ്ടിയിരിക്കുന്നു. ഇതിനുള്ള പലതരം പ്രചരണ

പ്രക്ഷോഭപരിപാടികൾ പരിഷത്ത് ആസൂത്രണം ചെയ്തുവരികയാണ്."

"കേരളത്തിന്റെ സവിശേഷമായ പല ആരോഗ്യപ്രശ്നങ്ങളുമുണ്ട്. ആരോഗ്യ സേവന സൗകര്യങ്ങളുടെയെല്ലാം മുൻപന്തിയിലാണ് കേരളം. പക്ഷേ അതേ സമയം ഇവിടെ രോഗബാധയുള്ളവർ ധാരാളമുണ്ട്. എന്തിന് വളരെ എളുപ്പത്തിൽ ചികിൽസിക്കാവുന്ന വയറിളക്കരോഗങ്ങൾപോലും തീർത്തും ഒഴിവാക്കാൻ നമുക്കുകഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ കേരളത്തിലെ ആരോഗ്യസ്ഥിതിയെക്കുറിച്ച് ഇപ്പോഴും വ്യക്തമല്ലാത്ത പല കാര്യങ്ങളും പഠിക്കേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യംവച്ചുകൊണ്ട് വളരെ വിശദമായൊരു പഠനം പരിഷത്ത് ഏറ്റെടുത്തിരിക്കയാണ്. ഇതിന്റെ ഭാഗമായി വിപുലമായ ഒരു ആരോഗ്യസർവെ കഴിഞ്ഞ വർഷത്തിൽ നടത്തി. സർവേഫലം പഠിച്ചുകൊണ്ടിരിക്കയാണ്.

"ഗ്രാമതലത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ജനപങ്കാളിത്തത്തോടെ ആശുപത്രിസംരക്ഷണ സമിതികൾ രൂപീകരിക്കുക, വയറിളക്കരോഗങ്ങൾക്കെതിരെ കരുതൽ നടപടികളെടുക്കാൻ ജനങ്ങൾക്ക് ക്ലാസുകൾ നൽകുക തുടങ്ങി ഒട്ടനവധി പരിപാടികൾ ആരോഗ്യരംഗത്ത് പരിഷത്ത് നടപ്പാക്കിവരുന്നുണ്ട്.

ജനങ്ങളുടെ സഹകരണത്തോടെ ആരോഗ്യരംഗത്ത് അടിസ്ഥാനപരമായ മാററങ്ങൾ വരുത്തിതീർക്കാൻ കഴിയുമെന്ന് പരിഷത്ത് പ്രതീക്ഷിക്കുന്നു."

## വികസനം എങ്ങിനെ വേണം?

"ഇനിപറയാനുള്ളത് വികസനത്തെക്കുറിച്ചുള്ള പരിഷത്തിന്റെ കാഴ്ചപ്പാടിനെക്കുറിച്ചും ആ കാഴ്ചപ്പാട് പ്രചരിപ്പിക്കുന്നതിനായി നടത്തികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ചുമാണ്. ഏതൊരു വികസന പദ്ധതിയും നടപ്പിലാക്കുന്നത് ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടെ സർവതോമുഖമായ പുരോഗതിയെ ലക്ഷ്യം വെച്ചുകൊണ്ടായിരിക്കണം. വ്യവസായങ്ങളുടെ കാര്യത്തിലാണെങ്കിലും ജലസേചനപദ്ധതികളുടെ കാര്യത്തിലാണെങ്കിലും ഊർജോൽപ്പാദന പദ്ധതികളുടെ കാര്യത്തിലാണെങ്കിലും ഇതാണ് പരിഷത്തിന്റെ കാഴ്ചപ്പാട്. ജനങ്ങളുടെ താല്പര്യങ്ങൾ കണക്കിലെടുത്തുകൊണ്ട്, ജനപങ്കാളിത്തത്തോടെയായിരിക്കണം വികസന പരിപാടികൾ നടപ്പിലാക്കുന്നത്. അതുപോലെ തന്നെ ഏതൊരു പദ്ധതി ആസൂത്രണം ചെയ്യുമ്പോഴും അതിന്റെ ഗുണദോഷവശങ്ങൾ സൂക്ഷ്മമായി പരിശോധിക്കുകയും ദോഷത്തേക്കാൾ കൂടുതൽ ഗുണങ്ങളുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്."

''നമ്മുടെ സംസ്ഥാനത്ത്, ഇക്കാര്യങ്ങൾ അടുത്തകാലംവരെ ഗൗരവപൂർവം ചർച്ച ചെയ്യപ്പെട്ടിരുന്നില്ല. വ്യവസായവൽക്കരണത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ ഏററവും പിൻനിരയിലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. വ്യവസായവളർച്ചക്ക് അവശ്യം വേണ്ട ഊർജത്തിന്റെ കാര്യത്തിലും നമ്മുടെ സ്ഥിതി അത്യന്തംശോചനീയമാണ്. കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി ഈപ്രശ്നങ്ങൾ പൊതുജനശ്രദ്ധയിൽ പെടുത്താൻ പരിഷത്ത്ശ്രമിച്ചുവരികയാണ്. കേരളത്തിന്റെവ്യവസായവൽക്കരണത്തെക്കുറിച്ചും ഊർജപ്രശ്നത്തിനുള്ള പരിഹാരമാർഗങ്ങളെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാടുകൾ പരിഷത്ത് അവതരിപ്പിച്ചിട്ടുണ്ട്. ഈ പ്രശ്നങ്ങളിൽ ജനങ്ങളുടേയും ജനകീയപ്രസ്ഥാനങ്ങളുടെയും കൂടുതൽ ഗൗരവപൂർണമായ ശ്രദ്ധപതിയേണ്ടതുണ്ട് എന്ന് പരിഷത്ത് വിശ്വസിക്കുന്നു.''

''വികസനപ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി പരിസ്ഥിതി നശീകരണത്തിന്റെയും മലിനീകരണത്തിന്റെയും പ്രശ്നങ്ങൾകൂടി കണക്കിലെടുക്കേണ്ടതുണ്ട് എന്നാണ് പരിഷത്തിന്റെ അഭിപ്രായം. സൈലന്റ് വാലി പദ്ധതി സംബന്ധിച്ചുള്ള ചർച്ചയിലും ചാലിയാർ, മൂവാററുപുഴ, കല്ലട മലിനീകരണ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടും ഈ അഭിപ്രായം പരിഷത്ത് ജനങ്ങളുടെ മുൻപാകെ അവതരിപ്പിക്കുകയുണ്ടായി. പരിസര സംരക്ഷണവും വികസന പ്രവർത്തനങ്ങളും പരസ്പരവിരുദ്ധ സ്വഭാവമുള്ളവയാണ് എന്ന ധാരണ പലരും പ്രചരിപ്പിക്കുന്നുണ്ട്. വികസനപദ്ധതികൾ നടപ്പിലാക്കുമ്പോൾ പരിസ്ഥിതി ഘടകങ്ങളൊന്നും കണക്കിലെടുക്കുകയേവേണ്ട എന്നവാദത്തോടും പരിസ്ഥിതിസംരക്ഷണത്തിന്റെ പേരിൽ വികസന പ്രവർത്തനങ്ങളെല്ലാം വേണ്ടെന്നുവയ്ക്കണം എന്ന വാദത്തോടും പരിഷത്തിനു യോജിപ്പില്ല. വികസനപ്രവർത്തനങ്ങളും പരിസ്ഥിതിസംരക്ഷണവും തമ്മിൽ ശാസ്ത്രീയമായി പൊരുത്തപ്പെടുത്തുകയാണ് വേണ്ടത്. കേരളത്തിലെ പലവ്യവസായശാലകളും രൂക്ഷമായ ജല വായുമലിനീകരണം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഇത് തടയുകതന്നെവേണം. സ്ഥാനത്തും അസ്ഥാനത്തുമുള്ള വനം കൊള്ളയും വനനശീകരണവും നമ്മുടെ കാർഷികമേഖലയേയും സമ്പദ് വ്യവസ്ഥയുടെ മററുമേഖലകളെയും ബാധിക്കുന്നുണ്ട്. ഇത് കാണാതിരിക്കുന്നത് അബദ്ധമാണ്. അതേസമയം വന സംരക്ഷണയത്നങ്ങൾ അന്ധമായ ''വനാരാധന''യാക്കിമാററുന്നതിൽ പരിഷത്ത് വിശ്വസിക്കുന്നില്ല ''

''കേരളത്തിലെ വനങ്ങൾക്കെതിരെ ലാഭക്കൊതിയൻമാർ നടത്തിക്കൊണ്ടിരിക്കുന്ന ആക്രമണങ്ങൾക്കെതിരെ ശക്തമായ ജനാഭിപ്രായം സൃഷ്ടിക്കുന്നതിൽ പരിഷത്തിന് വലിയൊരു പങ്കു വഹിക്കാൻ കഴിഞ്ഞു. വനസംരക്ഷണത്തിന്റെ പ്രാധാന്യം, മററു

വികസന മേഖലകളുമായി ബന്ധപ്പെടുത്തിക്കൊണ്ട്, കൂടുതൽ ജനങ്ങളുടെ ശ്രദ്ധയിലെത്തിക്കാനും, കേരളത്തിലെ വനങ്ങളുടെ സംരക്ഷണത്തിനും വികസനത്തിനും ശാസ്ത്രീയമായ ഒരു പരിപാടി തയ്യാറാക്കുന്നതിനും ആ മേഖലയിൽ വൈദഗ്ധ്യമുള്ളവരുടെ സഹായത്തോടെ പരിഷത്ത് ശ്രമിച്ചുവരികയാണ്.

ലോകബാങ്ക് സഹായത്തോടെ കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ പൊള്ളത്തരം തുറന്നുകാണിക്കാനും കേരളത്തിന് അനുയോജ്യമായ ഒരു വനവൽക്കരണപദ്ധതിക്കാവശ്യമായ സൂചനകൾ ജനങ്ങളുടെ മുൻപാകെ അവതരിപ്പിക്കാനും പരിഷത്തിന് കഴിഞ്ഞു.

## ഊർജാസൂത്രണം എങ്ങനെവേണം

വൈദ്യുതിയുടെ കാര്യത്തിൽ ദീർഘദൃഷ്ടിയോടുകൂടിയുള്ള ആസൂത്രണത്തിനുവേണ്ടി കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി പരിഷത്ത് വാദിച്ചുവരികയാണ്. കേരളം രൂക്ഷമായ ഊർജപ്രതിസന്ധിയെ നേരിടുകയാണെന്നും ജലവൈദ്യുതിക്കു പുറമെ മററു വൈദ്യുതസ്രോതസുകൾ കൂടി ഉപയോഗിക്കാനുള്ള അടിയന്തിരപദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണെന്നും 1975ൽ തന്നെ പരിഷത്ത് ചൂണ്ടിക്കാണിച്ചിരുന്നു. വളരെ വൈകിയാണെങ്കിലും, ഈ കാഴ്ചപ്പാട് അംഗീകരിക്കാൻ ഗവൺമെൻറും വൈദ്യുതബോർഡും സ്വീകരിക്കാൻ തയ്യാറായത് ആശ്വാസകരമാണ്. പരിഷത്ത്, ജലവൈദ്യുതനിലയങ്ങൾക്കു പുറമെ താപവൈദ്യുതികൂടി കേരളത്തിനാവശ്യമാണ് എന്നു വാദിച്ചതിനെ തുടർന്ന് പരിഷത്ത് ജലവൈദ്യുതനിലയങ്ങൾക്കെതിരാണ് എന്ന് തെററിദ്ധരിച്ചവരുണ്ട്. പരിഷത്ത് മൗലികമായി, ഒരു ഊർജസ്രോതസിനും എതിരല്ല. പക്ഷേ ജലവൈദ്യുത പദ്ധതികളുടെ പണി, അക്ഷന്തവ്യമാംവിധം നീളുന്നതിനെതിരെ പരിഷത്തിനു വിമർശനമുണ്ട്. ആണവനിലയങ്ങൾ ഒരിക്കലും എവിടെയും പാടില്ല എന്ന കാഴ്ചപ്പാട് പരിഷത്തിനില്ല. പക്ഷേ അന്തർദേശീയതലത്തിൽ, അംഗീകരിക്കപ്പെട്ടിട്ടുള്ള സുരക്ഷാമാനദണ്ഡങ്ങൾ കർശനമായി പാലിക്കാൻ കഴിയുമെന്ന് ഉറപ്പുവരുത്തിക്കൊണ്ടേ ആണവനിലയങ്ങൾ സ്ഥാപിക്കാവൂ എന്ന കാര്യത്തിൽ പരിഷത്തിന് നിർബന്ധമുണ്ട്. താപനിലയങ്ങളുടെ കാര്യത്തിലും, പരിസര സംരക്ഷണത്തിനുവേണ്ട കർശനമായ നടപടികൾ അനിവാര്യമായും എടുത്തേതീരൂ. സമഗ്രമായ ഒരു ഊർജാസൂത്രണം കേരളത്തിൽ ഉടനടി നടന്നേതീരൂ.''

''ഊർജമെന്നാൽ വൈദ്യുതി മാത്രമല്ല. വൈദ്യുതി ആസൂത്രണം സമ്പൂർണഊർജാസൂത്രണത്തിൻെറ ഒരു ഭാഗം മാത്രമാണ്. ഗാർഹികാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന ഊർജം, അടുത്തകാലംവരെ നമ്മുടെ ഊർജാസൂത്രണത്തിൻെറ ഭാഗമായി

രുന്നില്ല. കേരളത്തിൽ വർഷംതോറും ഏതാണ്ട് 120-130 ലക്ഷം ടൺ വിറക് ഉപയോഗിച്ചുവരുന്നു. ഇത് ഗണ്യമായി കുറക്കാൻ കഴിഞ്ഞാൽ കോടിക്കണക്കിനു രൂപ ലാഭിക്കാനും വനങ്ങളുടെ പുറത്തുള്ള സമ്മർദം കുറയ്ക്കാനും സാധിക്കും. ഈ ലക്ഷ്യം വച്ചുകൊണ്ടാണ് ദക്ഷതകൂടിയതും പുകയില്ലാത്തതുമായ വിറകടുപ്പുകൾ പരിഷത്ത് ആവിഷ്ക്കരിച്ചത്. ഈ അടുപ്പുകൾ കേരളത്തിലെ വീട്ടമ്മമാർക്കെത്തിക്കാൻ, "അനെർട്ട്" എന്ന ഗവൺമെൻറ് ഏജൻസിയുടെ സഹായത്തോടെ പരിഷത്ത് തീവ്രശ്രമം നടത്തിവരികയാണ്. ഇതിനകം 40000ത്തോളം വീടുകളിൽ പരിഷത് പ്രവർത്തകർ അടുപ്പുകൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. അതിരക്കുഴിയിലും കുറേ അടുപ്പുകൾ വച്ചുകഴിഞ്ഞു. ഇനിയും അടുപ്പുകൾ പ്രചരിപ്പിക്കണം. അടുപ്പുസ്ഥാപിച്ചാൽ മാത്രം പോരാ. ഈ അടുപ്പുകൾ സ്ഥാപിക്കുന്നതിൻെറ ഉദ്ദേശ്യത്തെപ്പററി ജാനേടത്തിക്കും ബീവാത്തുമ്മക്കും മററു സഹോദരിമാർക്കും വേണ്ടി ക്ളാസുകൾ നടത്തുകയും വേണം."

"ആ. അതു കൊള്ളാം. ഞങ്ങള് റെഡി." ബീവാത്തുമ്മ പറഞ്ഞു.

"കേരളത്തിൻെറ സമഗ്രമായ വികസനത്തെക്കുറിച്ച് ഇവിടത്തെ ജനങ്ങൾ മുഴുവൻ ചർച്ചചെയ്യണം എന്നാണ് പരിഷത്തിൻെറ ആഗ്രഹം. അതിനു സഹായകമായ പല പുസ്തകങ്ങളും രേഖകളും പരിഷത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളത്തിൻെറ സമ്പത്ത്, കേരളത്തിൻെറ വ്യവസായവൽക്കരണം, കേരളത്തിൻെറ എട്ടാം പദ്ധതി—ചർച്ചകൾക്ക് ഒരാമുഖം തുടങ്ങിയ ഗ്രന്ഥങ്ങൾ ഇവിടെ താൽപര്യമുള്ളവർ വായിക്കണം, ചർച്ച ചെയ്യണം."

"എട്ടാം പദ്ധതിയെ സംബന്ധിച്ച് നടത്തുന്ന ചർച്ചകളുടെ ഭാഗമായി, പഞ്ചായത്ത് തലത്തിലേക്ക് അധികാരം വികേന്ദ്രീകരിക്കുന്നതു സംബന്ധിച്ചുള്ള ആശയങ്ങളും ജനങ്ങളുടെ മുന്നിൽ പരിഷത്ത് അവതരിപ്പിക്കും. വികസനപ്രവർത്തനങ്ങൾ വിജയിക്കണമെങ്കിൽ അവ അനുയോജ്യമായവിധം വികേന്ദ്രീകരിച്ചേ പററൂ. എല്ലാ അധികാരങ്ങളും തലസ്ഥാനങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്ന ഇന്നത്തെ സ്ഥിതി മാറിയേ പററൂ. പഞ്ചായത്തുകൾക്കും മററു തദ്ദേശ സ്ഥാപനങ്ങൾക്കും കൂടുതൽ അധികാരങ്ങൾ ലഭിക്കണം. ഇതിനുവേണ്ടി വാദിക്കാൻ ജനങ്ങളേയും ജനകീയ സംഘടനകളേയും പ്രേരിപ്പിക്കുക എന്നത് പരിഷത്തിൻെറ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്."

"മാഷേ, നമ്മുടെ പുസ്തകങ്ങളെക്കുറിച്ചും മാസികകളെക്കുറിച്ചും ഒന്നും പറഞ്ഞില്ലല്ലോ." മുരളി പറഞ്ഞു.

## പുതിയൊരു വായനാശീലം

"പുസ്തകങ്ങളുടെ കാര്യം മറന്നിട്ടില്ല. പരിഷത്ത് പ്രസിദ്ധീകരിച്ച ഒരു പുസ്തകമെങ്കിലും കാണാത്ത അധികം പേർ

ഇന്ന് കേരളത്തിലുണ്ടാവില്ല. ഏതാണ്ട് അഞ്ഞൂറോളം പുസ്തകങ്ങൾ പരിഷത്ത് പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ജനങ്ങളിൽ ശാസ്ത്രവും ശാസ്ത്രബോധവും വളർത്താൻ ഉതകുന്ന ഈ പുസ്തകങ്ങൾക്ക് കേരളത്തിലെ ജനങ്ങൾ നൽകിയ സ്വീകരണം ആരെയും ആവേശംകൊള്ളിക്കുന്നവിധത്തിലുള്ളതാണ്. കുട്ടികൾക്കുള്ള സയൻസ് സ്ക്രീം, യുറീക്കാമാല പരമ്പരകൾ, ശാസ്ത്രകൗതുകം, കേരളത്തിൻെറ സമ്പത്ത്, എന്തുകൊണ്ട് തുടങ്ങി വിവിധതരം പുസ്തകങ്ങൾ ഇക്കൂട്ടത്തിൽപെടുന്നു. പരിഷത് പുസ്തകങ്ങൾ വാങ്ങുക എന്നത് നിങ്ങളും ശീലമാക്കണം. കേരളത്തിലെ ജനങ്ങളുടെ വായനാശീലത്തെ വലിയൊരളവുവരെ സ്വാധീനിക്കാൻ പരിഷത്തിനു കഴിഞ്ഞിട്ടുണ്ട്. പത്തുപതിനഞ്ചുകൊല്ലം മുമ്പ് മലയാളത്തിൽ വിരലിലെണ്ണാവുന്ന ശാസ്ത്രപുസ്തകങ്ങൾ മാത്രമാണ് പുറത്തിറങ്ങിയിരുന്നത്. ഇന്നാകട്ടെ ശാസ്ത്രപുസ്തകങ്ങളില്ലാത്ത ഒററ കേരളീയ ഗൃഹംപോലും ഇല്ലെന്ന സ്ഥിതി വന്നിരിക്കുന്നു.''

''വിവിധ ക്യാമ്പയിനുകളോടു ബന്ധപ്പെടുത്തി വീടുകൾ തോറും കയറിയിറങ്ങി പുസ്തകങ്ങൾ പ്രചരിപ്പിക്കുന്ന ജനകീയമായ ഒരു ശൈലി പരിഷത്ത് സ്വീകരിച്ചുവരുന്നു.

''പുസ്തകങ്ങൾക്കു പുറമെ മൂന്ന് ശാസ്ത്രമാസികകൾ പരിഷത്ത് സ്ഥിരമായി പ്രസിദ്ധീകരിക്കുന്നു. പ്രൈമറി നിലവാരത്തിലുള്ള കുട്ടികൾക്കായി 'യുറീക്ക', ഹൈസ്ക്കൂൾ നിലവാരത്തിലുള്ളവരെ ഉദ്ദേശിച്ച് 'ശാസ്ത്രകേരളം' മുതിർന്നവരെ ഉദ്ദേശിച്ച് 'ശാസ്ത്രഗതി', ഇവ മൂന്നും ഇന്ത്യൻ ഭാഷകളിലെ ഏററവും മികച്ച ശാസ്ത്ര മാസികകളാണ്. സ്കൂളുകളിലും വീടുകളിലും ഇവ വായിച്ച് വളരുന്ന കുട്ടികളുടെ വലിയൊരു ലോകംതന്നെയുണ്ട്.

## കുട്ടികൾക്ക് ബാലവേദികൾ

''നമ്മുടെ കുട്ടികളെ ശാസ്ത്രാഭിമുഖ്യമുള്ളവരുംശാസ്ത്രീയവീക്ഷണമുള്ളവരുമാക്കി വളർത്തിയെടുക്കുക എന്നത് അതിപ്രധാനമായ ഒരു കടമയാണ് എന്ന് പരിഷത്ത് കരുതുന്നു. ഈ ലക്ഷ്യം വച്ചുകൊണ്ടാണ് പരിഷത്തിൻെറ ആഭിമുഖ്യത്തിൽ ബാലവേദികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നത്. ഇന്ന് കേരളത്തിൽ ഏകദേശം രണ്ടായിരത്തോളം ബാലവേദികളുണ്ട്.''

''സ്കൂളിൽ പഠിക്കുന്നവരും ഏതാനും ക്ളാസുകൾ വരെ പഠിച്ച് പഠിത്തം നിറുത്തിയവരുമായ കുട്ടികൾ ഈ ബാലവേദികളിൽ അംഗങ്ങളാണ്. പരിഷത്തിൻെറ യൂണിററുകളാണ് ബാലവേദികളുടെ പ്രവർത്തനത്തിന് നേതൃത്വം നൽകിവരുന്നത്.''

''എല്ലാ കുട്ടികളും പലതരം കഴിവുകളുള്ളവരാണ്. പക്ഷേ ബഹുഭൂരിപക്ഷം കുട്ടികൾക്കും അവരുടെ കഴിവുകൾ വികസിപ്പിക്കാൻ വേണ്ട സൗകര്യവും സാഹചര്യങ്ങളും ലഭിക്കുന്നില്ല.

ഈ കുറവു നികത്താൻ ബാലവേദികൾക്ക് കഴിയണം. കുട്ടികളുടെ നിരീക്ഷണമനോഭാവവും ശാസ്ത്രാഭിമുഖ്യവും വളർത്തിയെടുക്കാൻ ബാലവേദികൾ ശ്രമിക്കുന്നു''.

''കളികളിലൂടെയും പാട്ടുകളിലൂടെയും നിർമാണ പ്രവർത്തനങ്ങളിലൂടെയും പഠനയാത്രകളിലൂടെയും കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുക, ശരിയായ ചോദ്യങ്ങൾ ചോദിക്കുവാനും അവക്ക് ഉത്തരം കണ്ടെത്താനും കുട്ടികളെ പ്രാപ്തരാക്കുക ഇവയെല്ലാമാണ് ബാലവേദികൾ ചെയ്യുന്നത്. അൽപം ഭാവനയുള്ള ഒന്നോ രണ്ടോ മുതിർന്നവർ നേതൃത്വം നൽകിയാൽ, ബാക്കികാര്യങ്ങളെല്ലാം കുട്ടികൾ തന്നെ ചെയ്തുകൊള്ളും.''

''ഞങ്ങൾക്കും ഒരു ബാലവേദി വേണം.'' മുന്നിലിരുന്ന ഒരു പററം കുട്ടികൾ പറഞ്ഞു.

''അങ്ങനെ വരട്ടെ....ദാ മുരളി....കേട്ടല്ലോ. രണ്ട് ദിവസത്തിനകം ഇവരുടെ ബാലവേദി തുടങ്ങണം, കേട്ടോ.''

''അല്ലാ എന്താ മാഷേ ഈ ബാലോൽസവം? എന്റെ അടുത്ത വീട്ടിലെ മാഷ്ടെ കുട്ടി തൃശൂര് ബാലോൽസവത്തിന് പോയീന്ന് പറഞ്ഞു. ഭയങ്കര രസമായിരുന്നുവത്രെ.'' നന്ദിനിക്കുട്ടിക്ക് ഒരു സംശയം.

''ബാലവേദി കൂട്ടുകാർക്കുവേണ്ടി പരിഷത്ത് സംഘടിപ്പിക്കുന്ന ഒരു പരിപാടിയാണത്. ഒരു പ്രദേശത്തുള്ള ബാലവേദി കൂട്ടുകാർ, മററൊരു സ്ഥലത്തുള്ള ബാലവേദി കൂട്ടുകാരുടെ അതിഥികളായി, അവരുടെ വീടുകളിൽ മൂന്നോ നാലോ ദിവസം താമസിക്കുന്നു. ആ ദിവസങ്ങളിൽ പകൽസമയത്ത് അവർക്ക് പഠിക്കാനും കളിക്കാനും ഉതകുന്ന അനേകം വിഭവങ്ങൾ പരിഷത്ത് ഒരുക്കുന്നു. കുട്ടികൾക്കെല്ലാം എന്തൊരുൽസാഹവും ഉൻമേഷവുമായിരുന്നുവെന്നോ. അവർ ജാതിയും മതവും എല്ലാഭേദങ്ങളും മറന്ന് ഇടപഴകുകയും കൂട്ടുചേർന്ന് പഠിക്കുകയും ചെയ്യുന്ന കാഴ്ച ആരെയും ആനന്ദിപ്പിക്കും. തൃശൂരിൽ കഴിഞ്ഞവർഷം നടന്ന ബാലോൽസവത്തിൽ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽനിന്നായി ആയിരത്തോളം കൂട്ടുകാർ പങ്കെടുത്തു. ഭാഷപോലും കാര്യമാക്കാതെ അവർ പരസ്പരമടുത്തു. രസിച്ചു. പഠിച്ചു ബാലവേദി ഉണ്ടാക്കിയശേഷം നിങ്ങൾക്കും അയൽപക്കത്തെ ഒരു ബാലവേദിയുമായി സഹകരിച്ച് ബാലോൽസവം നടത്താം കേട്ടോ''.

## ശാസ്ത്രം കലയിലൂടെ

''ഒരുപക്ഷെ ഇവിടെ കൂടിയിരിക്കുന്നവരിൽ അധികം പേരും പരിഷത്തിനെ പരിചയപ്പെടുന്നത് ശാസ്ത്ര കലാജാഥകൾ കണ്ടിട്ടായിരിക്കും. നമ്മുടെ സമൂഹത്തെ ബാധിച്ചിരിക്കുന്ന നിരവധി അശാസ്ത്രീയതകൾക്കെതിരെ ശക്ത

മായ സാമൂഹ്യവിമർശനം കലയുടെ മാധ്യമത്തിലൂടെയും വളരെ കാലമായി പരിഷത്ത് നിർവ്വഹിച്ചു പോരുന്നു—ആരോഗ്യം, വിദ്യാഭ്യാസം, വികസനം എന്നിങ്ങനെ കാതലായ പല വിഷയങ്ങളെയും ആധാരമാക്കി നിരവധി കലാരൂപങ്ങൾ കേരളത്തിലെ ആയിരക്കണക്കിനു ഗ്രാമങ്ങളിൽ പരിഷത്ത് അവതരിപ്പിച്ചു. ലളിതമായ അവതരണരീതിയും ശക്തമായ സാമൂഹ്യവിമർശനവും പുതുമയുള്ള അവതരണവുമായി നടത്തിയ നിരവധി കലാജാഥകൾ കേരളത്തിന്റെ സാമൂഹ്യസാംസ്കാരികാന്തരീക്ഷത്തിൽ ശക്തമായ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്."

"ഇതിനുപുറമെ വിവിധ ശാസ്ത്രവിഷയങ്ങളെ ആധാരമാക്കിയുള്ള സിനിമാപ്രദർശനങ്ങൾ, സ്ലൈഡുക്ലാസുകൾ, വീഡിയോപ്രദർശനങ്ങൾ, പോസ്റ്റർപ്രദർശനം എന്നിവയും പരിഷത്ത് സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്."

"നമ്മുടെ സമൂഹത്തിൽ പകുതിയിലധികവും സ്ത്രീകളാണുള്ളത്. എന്നാൽ സാമൂഹ്യമാററത്തിനായുള്ള പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഇന്നും വളരെ വളരെ കുറവാണ്. സാമൂഹ്യമാററത്തിനായുള്ള ശാസ്ത്രാധിഷ്ഠിതമായ പ്രവർത്തനങ്ങളിൽ സ്ത്രീകളെ കൂടി പങ്കെടുപ്പിച്ചേ തീരൂ. സ്ത്രീകളുടെ പ്രത്യേകം പഠനഗ്രൂപ്പുകൾ ഉണ്ടാക്കിയും കൺവെൻഷനുകൾ ചേർന്നും അവരെ ഇക്കാര്യം ബോധ്യപ്പെടുത്തുന്നതോടൊപ്പം സാമൂഹ്യ അനീതികൾക്കെതിരായുള്ള പ്രക്ഷോഭ പ്രവർത്തനങ്ങളടക്കമുള്ള പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം വർദ്ധിപ്പിച്ചുകൊണ്ടിരിക്കയുമാണ് പരിഷത്തിപ്പോൾ "

## പഠനവും ഗവേഷണവും

"ശാസ്ത്രസാഹിത്യപരിഷത്ത് ഒരു ശാസ്ത്ര സംഘടനയാണല്ലോ. ശാസ്ത്രബോധം വളർത്താനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതോടൊപ്പംതന്നെ നിരന്തരമായ പഠനവും ഈ പ്രസ്ഥാനത്തിന്റെ ഭാഗമാണ്. വിവിധ വിഷയങ്ങളെ ആധാരമാക്കിയുള്ള പഠനഗ്രൂപ്പുകൾ രൂപീകരിക്കുക, തെരഞ്ഞെടുത്ത വിവിധ വിഷയങ്ങളിൽ ഗവേഷണം നടത്തുക, നാടിനും നാട്ടാർക്കും ചേർന്നവിധത്തിൽ ശാസ്ത്രസാങ്കേതിക വിദ്യകളുടെ ഉപയോഗം ലഭ്യമാക്കുക ഇത്തരം പ്രവർത്തനങ്ങളും പരിഷത്ത് നടത്തുന്നു".

"ഇത്തരത്തിലുള്ളപ്രവർത്തനങ്ങളാണ് മുണ്ടൂരിലെ ഗ്രാമീണ സാങ്കേതികവിദ്യാകേന്ദ്രത്തിലും അതളൂരിലെ നാഡററ്നഗറിലും നടക്കുന്നത്. മുണ്ടൂരിൽ ദക്ഷത കൂടിയ അടുപ്പിന്റെ തുടർച്ചയായ പരിഷ്കരണവും ഗ്രാമീണ കക്കൂസുകൾ, ചെലവുകുറഞ്ഞ വീടുകൾ, പട്ടുനൂൽ പുഴുക്കളെ വളർത്തൽ, ബയോഗ്യാസ് പ്ലാൻറിന്റെ ഗവേഷണ വികസനപ്രവർത്തനം എന്നിവയാണ്

നടക്കുന്നത്. അതളൂരിൽ ഉമിച്ചാരവും ചുണ്ണാമ്പും കൂട്ടിച്ചേർത്ത് പൊടിച്ചുണ്ടാക്കുന്ന ആഷ്മോഹ്സിമൻറിന്റെ നിർമ്മാണപരീക്ഷണങ്ങളാണ് നടക്കുന്നത്. ഈ രണ്ടു പദ്ധതികൾക്കും കേന്ദ്രഗവൺമെൻറിന്റെ ധനസഹായം ലഭിച്ചിട്ടുണ്ട്.''

## സമ്പൂർണസാക്ഷരത

''പരിഷത്തിന്റെ നേതൃത്വത്തിൽ നടക്കാൻ പോകുന്ന വിപുലമായ സാക്ഷരതാ പരിപാടിയെക്കുറിച്ച് ഒരു വാക്ക് പറയട്ടെ. സ്വാതന്ത്ര്യംനേടി ഇത്രയേറെ വർഷങ്ങളായിട്ടും നമ്മുടെ രാജ്യത്തെ 60 ശതമാനത്തോളം പേർക്ക് എഴുത്തും വായനയുമറിയില്ല. ഇത്ര ലജ്ജാകരമായ ഒരവസ്ഥവേറെയുണ്ടോ. നിരക്ഷരതനമ്മുടെ ഒന്നാമത്തെ ശത്രുവാണ്. അജ്ഞതയും അന്ധവിശ്വാസങ്ങളും ചൂഷണവും അതിന്റെ നിഴലിലാണ് വളരുന്നത്. സാക്ഷരതയുടെ കാര്യത്തിൽ കേരളം ഇന്ത്യയിലെ മററു സംസ്ഥാനങ്ങളുടെ മുൻപന്തിയിലാണെങ്കിലും, ഇവിടെയും നിരക്ഷരതയുടെ നിരവധി തുരുത്തുകളുണ്ട്. രാഷ്ട്ര പുരോഗതിയിലും ശാസ്ത്രപുരോഗതിയിലും താൽപര്യമുള്ള ആർക്കും സഹിക്കാവുന്നതല്ല ഇത്. ഈ വസ്തുതകൾ കണക്കിലെടുത്ത് എറണാകുളം ജില്ലയിൽ വമ്പിച്ച ഒരു സാക്ഷരതാ പരിപാടി പരിഷത്ത് ഏറെറടുക്കുകയാണ്. ഒരു വർഷത്തിനകം ജില്ലയിലെ മുഴുവനാളുകളെയും സാക്ഷരരാക്കുക, അങ്ങനെ എറണാകുളം ജില്ലയെ സമ്പൂർണസാക്ഷരമാക്കുക എന്നതാണ് ലക്ഷ്യം. ഈ പരിപാടിയിൽ നിന്നുളവാകുന്ന ആവേശമുപയോഗിച്ച് കേരളത്തിലേക്കാകെ ഇത് വ്യാപിപ്പിക്കാനും കഴിയുമെന്നാണ് പരിഷത്തിന്റെ പ്രതീക്ഷ.''

## പരിഷത്തും മററു ജനകീയപ്രസ്ഥാനങ്ങളും

''അടുത്തകാലംവരെ പരിഷത്തിനെപോലെയുള്ള മററു പ്രസ്ഥാനങ്ങളൊന്നും തന്നെ ഇന്ത്യയുടെ മററു സംസ്ഥാനങ്ങളിൽ ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ന് അതല്ല സ്ഥിതി. പത്തു പന്ത്രണ്ട് സംസ്ഥാനങ്ങളിലെങ്കിലും ശാസ്ത്രപ്രചരണം ഗൗരവപൂർവം നടത്തുന്ന സംഘടനകൾ ഉണ്ടായിക്കഴിഞ്ഞു. കർണാടകയിലെ കന്നട രാജ്യവിജ്ഞാൻ പരിഷത്ത്, തമിഴ്നാട്ടിലെ തമിഴ്നാട് സയൻസ്ഫോറം, പോണ്ടിച്ചേരി സയൻസ്ഫോറം, ആന്ധ്രാപ്രദേശ് ജനവിജ്ഞാനവേദിക, പശ്ചിമബംഗാൾ വിജ്ഞാൻമഞ്ച്, ഡൽഹിസയൻസ്ഫോറം, മധ്യപ്രദേശ് വിജ്ഞാൻ സഭ, മഹാഷ്ട്രയിലെ ലോക്വിജ്ഞാൻ സംഘടന എന്നിവ ഇക്കൂട്ടത്തിൽപെടുന്നു. ഈ സംഘടനകൾക്കെല്ലാം പ്രചോദനം നൽകാനും മാർഗനിർദ്ദേശം നൽകാനും പരിഷത്തിന് കഴിഞ്ഞിട്ടുണ്ട്.''

''കഴിഞ്ഞ വർഷത്തിൽ പരിഷത്തും മേൽപ്പറഞ്ഞ സംഘടനകളു മെല്ലാം ചേർന്ന് സംഘടിപ്പിച്ച ഭാരതജനവിജ്ഞാൻ ജാഥ ശാസ്ത്രപ്രചാരണരംഗത്തെ ഒരു മഹാസംഭവമായിരുന്നു. ഇന്ത്യ യിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും അതോടനുബന്ധിച്ച് പരിഷത്തിന്റെ ശാസ്ത്രകലാജാഥാ പരിപാടികൾ വിഭിന്നഭാഷ കളിൽ അവതരിപ്പിക്കപ്പെട്ടു. കൂടാതെ ശാസ്ത്രപ്രഭാഷണങ്ങൾ, ശാസ്ത്രപ്രദർശനങ്ങൾ തുടങ്ങിയ നിരവധി പരിപാടികളും അവതരിപ്പിക്കപ്പെടുകയുണ്ടായി.''

''ഇതേത്തുടർന്ന് ഇന്ത്യയിലെ വിവിധ ജനകീയ ശാസ്ത്ര പ്രസ്ഥാനങ്ങളുടെ ഒരു ഐക്യവേദി രൂപപ്പെട്ടിട്ടുണ്ട്. ഇതിന് നേതൃത്വം നൽകുന്നത് പരിഷത്താണ്.''

''കേരളശാസ്ത്രസാഹിത്യ പരിഷത്തിന്റെ പ്രധാനപ്രവർ ത്തന മേഖലകളെക്കുറിച്ചും പരിഷത്തിന്റെ അടിസ്ഥാനപര മായ കാഴ്ചപ്പാടിനെക്കുറിച്ചും ഉള്ള ഒരു ചുരുക്കവിവരണമാ ണ് ഞാൻ ഇവിടെ നൽകിയത്. ഇനി ആർക്കെങ്കിലും സംശയ ങ്ങളുണ്ടെങ്കിൽ ചോദിക്കാം.'' മാധവൻ മാസ്ററർ സംഭാഷണമവ സാനിപ്പിച്ച് കസേരയിലിരുന്നു.

ചർച്ചക്കുള്ള സമയമായതോടെ പലരും കടലാസുതുണ്ടു കളിൽ ചോദ്യങ്ങൾ കുറിച്ച് മാസ്റററെ ഏല്പിച്ചു.

തുടർന്ന്ചോദ്യങ്ങൾ നോക്കിക്കൊണ്ട്മാസ്ററർ എഴുന്നേററു.

''ഒന്നാമത്തെ ചോദ്യം പരിഷത്തിന് രാഷ്ട്രീയമുണ്ടോ എന്ന താണ്. ശരി. നല്ല ചോദ്യം. ഒററവാക്കിലാണ് ഉത്തരം വേണ്ടതെ ങ്കിൽ, ഉത്തരം ''ഉണ്ട്'' എന്നാണ്. പക്ഷേ പരിഷത്ത് ഏതെ ങ്കിലും കക്ഷിരാഷ്ട്രീയത്തിന്റെ ഭാഗമാണ് എന്ന് ആരെങ്കി ലും ധരിക്കുന്നെങ്കിൽ അത് തെററാണ്. ശാസ്ത്രത്തെ, നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടെ വിമോചനത്തി നായി പ്രയോജനപ്പെടുത്തുക എന്നതാണ് പരിഷത്തിന്റെ ഉദ്ദേശ്യം. നമ്മുടെ സമൂഹത്തിലെ മഹാഭൂരിപക്ഷം തുടർച്ച യായി ദരിദ്രവൽക്കരിക്കപ്പെടുകയും ചെറിയ ന്യൂനപക്ഷം ധനികവൽക്കരിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കയാണ്. ഈ പ്രക്രിയ നേരെ തലകീഴാക്കിയേ തീരൂ. അതിന് ശാസ്ത്ര ത്തെ പ്രയോജനപ്പെടുത്തണം. ''ശാസ്ത്രം സാമൂഹ്യവിപ്ളവ ത്തിന്'' എന്ന പരിഷത് മുദ്രവാക്യത്തിന്റെ പൊരുൾ അതാണ്. അപ്പോൾ ദരിദ്രവൽക്കരിക്കപ്പെടുന്ന മഹാഭൂരിപക്ഷത്തിന്റെ പക്ഷം ചേർന്നു നിൽക്കുന്ന പ്രസ്ഥാനമാണ് ശാസ്ത്രസാ ഹിത്യപരിഷത്ത് എന്നു വ്യക്തമാവുന്നു. അതുതന്നെയാണ് പരിഷത്തിന്റെ രാഷ്ട്രീയം.''

''പക്ഷെ, ദരിദ്രവൽക്കരിക്കപ്പെടുന്ന മഹാഭൂരിപക്ഷം പല രാഷ്ട്രീയപാർടികളുടെ ഭാഗമായും ഒരു രാഷ്ട്രീയകക്ഷി

യിലും ഉൾപ്പെടാതെയും നിലകൊള്ളുന്നുണ്ട്. ഇവരെ, പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ഒരുമിച്ച് പ്രവർത്തിപ്പിക്കാൻ കഴിയുംഎന്നതാണ് പരിഷത്തിന്റെ കഴിഞ്ഞ 25വർഷത്തെ അനുഭവം. അതുകൊണ്ട്, പരിഷത്തിന്റെ രാഷ്ട്രീയം കക്ഷിരാഷ്ട്രീയത്തിൽനിന്ന് വ്യത്യസ്തമാണ്.''

''ഇനി, സമൂഹത്തിലെ ദരിദ്രവൽക്കരണവും ധനികവൽക്കരണവും അനുസ്യൂതം തുടരട്ടെ എന്നു കരുതുന്നവരുണ്ടല്ലോ, അവരുടെ നിലപാടുകളിൽ പരിഷത്തിന് ശക്തിയായ എതിർപ്പുണ്ട്. അതിൽ രാഷ്ട്രീയമുണ്ടെങ്കിൽ ആ രാഷ്ട്രീയം പരിഷത്തിന് ഉണ്ട്.''

''പരിഷത്ത് ഒരു രാഷ്ട്രീയകക്ഷിക്കും എതിരല്ല. രാഷ് ഷ്ട്രീയകക്ഷികളുടെ ഭാഗവുമല്ല. സമൂഹത്തിലെ സമസ്തജനവിഭാഗങ്ങളിലേക്കും ജനകീയപ്രസ്ഥാനങ്ങളിലേക്കും ശാസ്ത്രത്തിന്റെ സന്ദേശം എത്തിക്കുക എന്നതാണ് പരിഷത്തിന്റെ ലക്ഷ്യം.''

''ഇനി മതവിശ്വാസത്തിനും ദൈവവിശ്വാസത്തിനും പരിഷത്ത് എതിരാണോ എന്ന ചോദ്യമാണ്. തീർച്ചയായും അല്ല. വ്യക്തികളുടെ മതവിശ്വാസത്തിലോ ദൈവവിശ്വാസത്തിലോ പരിഷത്തിന് യാതൊരെതിർപ്പുമില്ല. പരിഷത്തിൽ ദൈവവിശ്വാസികളും നിരീശ്വരൻമാരുമൊക്കെ ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നുണ്ടല്ലോ. പക്ഷേ, ജാതി, മതവിശ്വാസങ്ങളുടെ പേരിൽ അന്ധവിശ്വാസങ്ങളെ പ്രീണിപ്പിക്കുകയും ജനങ്ങളെ തമ്മിലടിപ്പിക്കുകയും ചെയ്യുന്നതിൽ പരിഷത്തിന് എതിർപ്പുണ്ട്. ജാതി മതവിശ്വാസങ്ങളുടെ പേരിൽ ധനികവൽക്കരണത്തെ പ്രോൽസാഹിപ്പിക്കുകയും ചൂഷണ പ്രക്രിയകൾക്ക് ആക്കം കൂട്ടുകയും ചെയ്യുന്നതിലും പരിഷത്തിനെതിർപ്പുണ്ട്.''

ചോദ്യങ്ങൾ അവസാനിച്ചു. തുടർന്ന് യൂണിററ് രൂപീകരണം നടന്നു. പുതിയ ഭാരവാഹികളെ അനുമോദിച്ചുകൊണ്ട് മാധവൻ മാസ്ററർ പറഞ്ഞു.

''പരിഷത്ത് കുടുംബത്തിലേക്ക് നിങ്ങൾക്കേവർക്കും സ്വാഗതം. മനുഷ്യരാശിയുടെ മഹത്തായ നേട്ടങ്ങളിൽ പ്രധാനമായ ശാസ്ത്രത്തെ സമൂഹത്തിലെ മഹാഭൂരിപക്ഷത്തിന്റെ വിമോചനത്തിനായി പ്രയോജനപ്പെടുത്തുന്നതിനായി നമുക്ക് ഒരേ മനസോടെ ഒത്തൊരുമിച്ച് പ്രവർത്തിക്കാം.''

---

പരിഷത്തിനെക്കുറിച്ച് കൂടുതൽ അറിയണമെന്നുള്ളവർ പരിഷത് പ്രവർത്തകരുമായി ബന്ധപ്പെടുകയോ, ശാസ്ത്രസാഹിത്യപരിഷത്, പരിഷത്ഭവൻ, തിരുവനന്തപുരം-37 എന്ന വിലാസത്തിൽ ബന്ധപ്പെടുകയോ ചെയ്യുക.

## ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രസിദ്ധീകരണങ്ങൾ

**ശാസ്ത്രഗതി**

വാർഷിക വരിസംഖ്യ : 22 രൂപ

പരിഷത്ഭവൻ

തിരുവനന്തപുരം 695 037

**ശാസ്ത്രകേരളം**

(ഹൈസ്ക്കൂൾ വിദ്യാർഥികൾക്ക്)

**യൂറീക്ക**

(പ്രൈമറി സ്ക്കൂൾ വിദ്യാർഥികൾക്ക്)

വാർഷിക വരിസംഖ്യ ഓരോന്നിനും 22 രൂപ

പരിഷത്ഭവൻ

കോഴിക്കോട് – 673 006

വില : ഒരു രൂപ അൻപതു പൈസ

Printed at Social Scientist Press, Tvm, Phone : 68502